"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി - എൺവയോൺമെന്റൽ ഓഫീസറായ ഡോ.ജുനൈദ് ഹസ്സൻ എസ്സ്, അസിസ്റ്റന്റ് എൺവയോൺമെന്റൽ ഓഫീസറായ ശ്രീമതി.അതുല്യ.റ്റി എന്നിവരുടെ കരാർ കാലാവധി 20.03.2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.16/2026/ENVT    തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:- 1. സ.ഉ (സാധാ) നമ്പർ 11/2023/പരി തീയതി 17-02-2023

2. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്ററുടെ 07-01-2026 തീയതിയിലെ എസ്.ഇ.ഐ.എ.എ/414/2025-അസി2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ഒരു എൺവയോൺമെന്റൽ ഓഫീസർ, രണ്ട് അസിസ്റ്റന്റ് എൺവയോൺമെന്റൽ ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിച്ച് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന്, പ്രസ്തുത തസ്തികകളിൽ ഡോ. ജുനൈദ് ഹസ്സൻ എസ് (എൺവയോൺമെന്റൽ ഓഫീസർ), ശ്രീമതി.അതുല്യ.റ്റി (അസിസ്റ്റന്റ് എൺവയോൺമെന്റൽ ഓഫീസർ) എന്നിവരെ 08.04.2024 മുതൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ടി ഉദ്യോഗസ്ഥരുടെ നിലവിലുള്ള കരാർ കാലാവധി 17.03.2026-ന് അവസാനിക്കുന്നതിനാൽ, അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമാണെന്നത് പരിഗണിച്ച്, എൺവയോൺമെന്റൽ ഓഫീസർ ഡോ. ജുനൈദ് ഹസ്സൻ എസ്സ്, അസിസ്റ്റന്റ് എൺവയോൺ മെന്റൽ ഓഫീസർ ശ്രീമതി. അതുല്യ റ്റി എന്നിവരുടെ കരാർ കാലാവധി ഇടവേള നൽകി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്റർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഡോ. ജുനൈദ് ഹസ്സൻ എസ് (എൺവയോൺമെന്റൽ ഓഫീസർ), ശ്രീമതി.അതുല്യ.റ്റി (അസിസ്റ്റന്റ് എൺവയോൺമെന്റൽ ഓഫീസർ) എന്നിവർക്ക് കരാർ കാലാവധി അവസാനിക്കുന്ന 17.03.2026 തീയതിക്ക് ശേഷം മൂന്നു ദിവസത്തെ ഇടവേള നൽകി 20.03.2026 മുതൽ ഒരു വർഷത്തേക്ക് മാത്രമായി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3. മേൽ ഉദ്യോഗസ്ഥർക്ക് ഇപ്രകാരം ഒരു വർഷത്തെക്ക് ദീർഘിപ്പിച്ച നൽകിയ കാലാവധി പൂർത്തിയാക്കിയ ശേഷം അവരുടെ സേവനം തുടർന്നും നീട്ടിക്കൊടുക്കേണ്ടതില്ലെന്നും, പ്രസ്തുത തസ്തികകളിലേക്ക് യോഗ്യരായ പുതിയ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് ആവശ്യമായ

തുടർനടപടികൾ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി സ്വീകരിക്കേണ്ടതാണെന്നും നിർദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

പകർപ്പ്:
1. അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി.
2. ഡോ. ജുനൈദ് ഹസ്സൻ എസ്, എൺവയോൺമെന്റൽ ഓഫീസർ (സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി മുഖേന.)
3. ശ്രീമതി.അതുല്യ.റ്റി, അസിസ്റ്റന്റ് എൺവയോൺമെന്റൽ ഓഫീസർ (സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി മുഖേന.)
4. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ, (ആഡിറ്റ്/എ & ഇ), കേരളം
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ)വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/24/2026-ENVT)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Royi J
Date: 06-03-2026 11:34:17